# O.S.S.A.E.

## വാർഷിക പരീക്ഷ 2015

Class VI　　**06-12-2015 ഞായർ** 2 pm to 4 pm　　Marks 50

**പേര് എഴുതുക (1-5)** 5

1. കർത്താവ് വി. കുർബ്ബാന സ്ഥാപിച്ചത് ഏതു പെരുന്നാളിൽ?
2. യേശുവിന്റെ കുരിശ് ചുമക്കാൻ സഹായിച്ചയാൾ?
3. ആറു ചിറകുകൾ വീതമുള്ള മാലാഖമാരുടെ വൃന്ദത്തിന്റെ പേരെന്ത്?
4. ദൈവം നൽകുന്ന സംരക്ഷണത്തെക്കുറിച്ച് വിശ്വാസിക്ക് ബോധ്യം നൽകുന്ന സങ്കീർത്തനം ഏത്?
5. വി. അന്തോനിയോസിന്റെ ജന്മസ്ഥലം ഏത്?

**ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക (6-10)** 5

6. സഭാരത്നം എന്ന് അറിയപ്പെടുന്നത് ആര്?
   (മാർ കൂറിലോസ്, മാർ ദീവന്നാസ്യോസ്, മാർ ഒസ്താത്തിയോസ്)
7. വി. പക്കോമിയോസിന്റെ ജോലി എന്തായിരുന്നു?
   (അദ്ധ്യാപകൻ, പട്ടാളക്കാരൻ, പുരോഹിതൻ)
8. പഴയനിയമത്തിലെ സുവിശേഷം
   (പുറപ്പാട്, സങ്കീർത്തനങ്ങൾ, യെശയ്യാപ്രവചനം)
9. മാർത്തോമ്മാ ശ്ലീഹാ മാളിയേക്കൽ തോമസ് റമ്പാനെ ഏത് പള്ളിയുടെ ചുമതലയാണ് ഏല്പിച്ചത്?
   (തിരുവിതാംകോട്, നിരണം, ഗോക്കമംഗലം)
10. ദാവീദ് രാജാവിന് പാപത്തെക്കുറിച്ച് ബോധ്യം വരുത്തിയ പ്രവാചകൻ ആര്?
    (ശമുവേൽ, നാഥാൻ, യെശയ്യാവ്)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്നെഴുതുക (11-15)** 5

11. യേശുവിന്റെ ഉത്ഥാനവാർത്ത കേട്ടയുടനെ പത്രോസും യാക്കോബും യോഹന്നാനും കല്ലറയിലേക്കോടി.
12. സാമൂഹികജീവിതത്തിന്റെ ഭദ്രതയ്ക്കുവേണ്ടിയാണ് എല്ലാ നിയമങ്ങളും.
13. എളിമയുടെ ഉത്തമ മാതൃകയായി ജീവിച്ച് രോഗികളെ എന്നും സഹായിച്ച ആളാണ് മാത്യൂസ് മാർ ബർന്നബാസ് തിരുമേനി.
14. വി. സഭയിൽ സന്ന്യാസപ്രസ്ഥാനത്തിന്റെ സ്ഥാപകപിതാവായി വി. അന്തോനിയോസിനെ നാം കാണുന്നു.
15. എല്ലാ കൂദാശകളെയും പൂർണ്ണമാക്കുന്ന കൂദാശയാണ് പട്ടത്വം.

**താഴെ പറയുന്ന വാചകങ്ങൾ ആരു പറഞ്ഞു എന്നെഴുതുക (16-20)** 5

16. "അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ."
17. 'നിന്നോടുതന്നെ ഞാൻ പാപം ചെയ്തു, നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തു."
18. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും."
19. "ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക."
20. "ക്രൂശിക്കപ്പെട്ട യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു."

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21-25)** 5

21. അവശർ - സ്വർഗ്ഗാരോഹണം
22. പലൈമോൻ - കൂദോശ്ഈത്തോ
23. സഭാവർഷം - സങ്കേതനഗരം
24. ഒലിവുമല - പത്രോസ് മാർ ഒസ്താത്തിയോസ്
25. ലേവ്യർ - വി. പക്കോമിയോസ്

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക (26-30)** 5

26. ഭാരതത്തിലെ ക്രിസ്ത്യാനികളുടെ തറവാട് എന്നു വിളിക്കാവുന്ന ദേവാലയം ഏത്?
27. ഏത് കൊടുമുടിയിൽനിന്നുകൊണ്ടാണ് മോശ കനാൻനാട് കൺകുളിർക്കെ കണ്ടത്?
28. ഉയിർപ്പിൻെറ നാല്പതാം ദിവസം ഉണ്ടായ സുപ്രധാന സംഭവം എന്തായിരുന്നു?
29. 'ഗത്സമന' എന്ന വാക്കിന്റെ അർത്ഥം എന്ത്?
30. മൊളോക്കോ ദ്വീപിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവനർപ്പിച്ച ആൾ?

**ഒറ്റവാചകത്തിൽ ഉത്തരം എഴുതുക (31-35)** 10

31. മദർ തെരേസയുടെ ജീവിതത്തിൽ മാറ്റമുണ്ടാകത്തക്കവണ്ണം അവരുടെ ഹൃദയത്തിലേക്ക് കടന്നു വന്ന യേശുവിന്റെ വചനം എന്തായിരുന്നു?
32. ഒരു നല്ല സന്ന്യാസിയായി തീരുന്നതിന് എന്തെല്ലാം ഘടകങ്ങൾ ആവശ്യമെന്നാണ് പക്കോമിയോസ് പഠിപ്പിച്ചത്?
33. ദൈവീകബന്ധങ്ങളിൽക്കൂടി വിശ്വാസി എത്തിച്ചേരുന്ന ഉന്നതമായ ആത്മീയ തലങ്ങളേവ?
34. Theosis അഥവാ ദൈവീകരണം എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?
35. സഭ വളരെവേഗം വ്യാപിക്കുവാൻ ഗ്രീക്കുഭാഷ എങ്ങനെ സഹായകമായി?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (36-39)** 4

"നാം നിൽക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു. നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. അതുതന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല. ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ. നാം ബലഹീനർ ആയിരിക്കുമ്പോൾത്തന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. (റോമർ 5:2-6)

36. ക്രിസ്തു ആർക്കുവേണ്ടി മരിച്ചു?
37. നമുക്ക് ഈ കൃപയിലേക്ക് ആരാൽ എങ്ങനെ പ്രവേശനം ലഭിച്ചു?
38. എന്താണ് പ്രത്യാശയെ ഉളവാക്കുന്നത്?
39. എന്തിനാണ് ഭംഗം വരാത്തത്?

**പ്രാർത്ഥന പൂർത്തീകരിക്കുക** 3

40. നിന്റെ എല്ലാ ........................... നിന്നെ കാക്കേണ്ടതിന്നും .......................... നിന്നെക്കുറിച്ച് തന്റെ .............................. കല്പിക്കും. നിന്റെ കാൽ ............................ തട്ടിപ്പോകാതിരിക്കേണ്ടതിന്നും...................... നിന്നെക്കുറിച്ച് ................................ദൂതന്മാരോട് കല്പിക്കും.

**ഗീതം പൂർണ്ണമാക്കുക** 3

41. സ്രാപ്പികളെ കണ്ടേശായ
....................................... നിൻമുമ്പിൽ
ചിറകുകളാ .......................................
....................................... ത്മാക്കളവർ.